## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 584** **06-12-2022 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. വരുമാന നഷ്ടം നികത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പല ഉല്പന്നങ്ങളുടേയും നികുതി 18 ശതമാനത്തിൽ നിന്നും 12 ശതമാനമായി കുറഞ്ഞിട്ടും ഉപഭോക്താക്കളിലേക്ക് എത്തുമ്പോൾ സാധനങ്ങളുടെ വില കുറയാതെ വരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം പല ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ 28 ശതമാനമായിരുന്നത് 18 ശതമാനമോ അല്ലെങ്കിൽ 12 ശതമാനമോ ആയും 18 ശതമാനമായിരുന്നത് 12 ശതമാനമോ അല്ലെങ്കിൽ 5 ശതമാനമോ ആയും കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും പല സംഘടനകളുടെയും അപേക്ഷകൾ പ്രകാരമാണ് ഇത്തരം തീരുമാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ കൈക്കൊണ്ടത്. ജി.എസ്.ടി. നിരക്കിലുണ്ടായ കുറവുകൾ ഉപഭോക്താക്കൾക്ക് കൈമാറുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി സംവിധാനം ജി.എസ്.ടി. നിയമപ്രകാരം നിലവിലുണ്ടായിരുന്നു. ജി.എസ്.ടി. യുടെ തുടക്കത്തിൽ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇക്കാര്യം പരിശോധിക്കുകയും നികുതിയിലെ കുറവ് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടില്ലെന്ന് കണ്ടെത്തിയ വ്യാപാരികളുടെ വിശദവിവരം സംസ്ഥാന ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി മുഖേന കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റിക്ക് തുടർനടപടികൾക്കായി നൽകുകയും ചെയ്യുകയുണ്ടായി. ജി.എസ്.ടി. യിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് കുറയ്ക്കുന്നതിന്റെ ആനുകൂല്യം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കണം എന്നത് ഇതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-ന്റെ മീറ്റിങ്ങുകളിലും ജി.എസ്.ടി. കൗൺസിലിലും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ നടപടികളായിട്ടുണ്ടോ? | (ബി) | ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ടായിരുന്നു. ഇതിൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം |

| | | | |
|---|---|---|---|
| | | | പരിഹരിക്കാൻ 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇതിന്റെ കാലാവധി 2022 ജൂൺ 30 ന് അവസാനിച്ചു. ഈ നഷ്ടപരിഹാരം അഞ്ച് വർഷത്തേക്ക് കൂടി തുടരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തീരുമാനമൊന്നും കേന്ദ്ര സർക്കാരോ ജി.എസ്.ടി. കൗൺസിലോ ഇതുവരെ എടുത്തിട്ടില്ല. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ